(ഡി) ആർ.സി.സി.-യുടെ ഒരു ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്റർ മുൻകൂർ രോഗനിർണ്ണയത്തിനും തുടർചികിത്സാ സൗകര്യത്തിനുമായി പാലക്കാട് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാ ക്യാൻസർ കെയർ പദ്ധതി പാലക്കാട് ജില്ലാ ആശുപത്രിയിൽ ആരംഭിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും കീമോതെറാപ്പി പരിശീലനം ലഭിച്ച ഡോക്ടർമാരെയും നഴ്സുമാരെയും വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. നിരവധി രോഗികൾക്ക് കീമോതെറാപ്പി നൽകുകയും പുതിയ രോഗികളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

ധന്വന്തരി സെന്ററുകൾ

54 (T *4337) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ധന്വന്തരി സെന്ററുകൾ നിലവിൽ ഏതെല്ലാം ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്; ഓരോ ജില്ലയിലും എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ധന്വന്തരി സെന്ററുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാൻ ധന്വന്തരി സെന്ററുകളെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനും കെ.എച്ച്.ആർ.ഡബ്ല്യു.എസ്. മാതൃകയിൽ ഒരു സ്ഥാപനമായി മാറ്റാനും ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ- സി) ശേഖരിച്ച് നൽകുന്നതാണ്.

വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികൾ

55 (4338) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ കിടത്തി ചികിത്സയുള്ള എത്ര സർക്കാർ ആശുപത്രികളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിലുള്ള എത്ര ആശുപത്രികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 24 മണിക്കൂറും പ്രവർത്തിച്ചിരുന്ന ഞാറക്കൽ സർക്കാർ ആശുപത്രി ഡോക്ടർമാരുടെ അഭാവംമൂലം അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഡോക്ടർമാരുടെ ഒഴിവു നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4 സർക്കാർ ആശുപത്രികളുണ്ട്.

(ബി) അയ്യമ്പിള്ളി പ്രാഥമികാരോഗ്യകേന്ദ്രം, മുനമ്പം പ്രാഥമികാരോഗ്യകേന്ദ്രം, മാലിപ്പുറം സാമൂഹികാരോഗ്യകേന്ദ്രം, ഞാറയ്ക്കൽ താലൂക്കാശുപത്രി എന്നീ നാല് സ്ഥാപനങ്ങളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(സി) 24x7 സേവനം പരിമിതപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥാപനത്തിൽ ഒരു സിവിൽ സർജന്റെയും 5 അസിസ്റ്റന്റ് സർജന്റെയും തസ്തികയാണ് നിലവിലുള്ളത്. ആയതിൽ സിവിൽ സർജന്റെ തസ്തിക ഒഴിഞ്ഞുകിടക്കുന്നു. അവധിയിൽ പ്രവേശിച്ച മൂന്ന് അസിസ്റ്റന്റ് സർജൻമാരിൽ രണ്ടുപേർ ജോലിയിൽ തിരികെ പ്രവേശിച്ചതിനെത്തുടർന്ന് 24x7 പ്രവർത്തനം 3-12-2014 മുതൽ പുനരാരംഭിച്ചിട്ടുണ്ട്. ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്നമുറയ്ക്ക് പ്രൊമോഷനിലൂടെ സിവിൽ സർജൻ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഒഴിഞ്ഞുകിടക്കുന്ന സിവിൽ സർജന്റെ തസ്തികയിൽ അഡ്ഹോക്ക് വ്യവസ്ഥയിൽ ഒരു അസിസ്റ്റന്റ് സർജനെ നിയമിച്ചിട്ടുണ്ട്. കൂടാതെ എറണാകുളം ജനറൽ ആശുപത്രിയിൽനിന്നും ഒരു അസിസ്റ്റന്റ് സർജനെ ക്രമീകരണാടിസ്ഥാനത്തിൽ ടി സ്ഥാപനത്തിലേയ്ക്ക് നിയമിച്ചിട്ടുണ്ട്. സിവിൽ സർജൻ തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് പ്രസ്തുത ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

താത്കാലിക ജീവനക്കാരുടെ ദിവസ വേതനം

56 (4339) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകളിലെ താത്കാലിക ജീവനക്കാരുടെ ദിവസ വേതനം വർദ്ധിപ്പിച്ചുകൊണ്ടുള്ള 28-10-2014 ലെ G.O. (P) 466/2014/Fin നമ്പർ ഉത്തരവ് ഭാരതീയ ചികിത്സ/ഹോമിയോ വകുപ്പുകളിലെ പാരാമെഡിക്കൽ ജീവനക്കാർക്കുകൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly